SYRO-MALABAR
MEDIA COMMISSION
SYRO-MALABAR MAJOR ARCHIEPISCOPAL CHURCH

FR. DR. ANTONY VADAKKEKARA VC
SECRETARY, COMMISSION FOR MEDIA
P.R.O., SYRO-MALABAR CHURCH

MAR JOSEPH PAMPLANY
CHAIRMAN

MAR PAULY KANNOOKADAN
EPISCOPAL MEMBER

MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER

Ref.No. SMMC 37/2024

# പ്രസ്താവന

പാലായിൽവെച്ച് നടത്തപ്പെട്ട സീറോമലബാർസഭായുടെ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ രണ്ടാംദിനമായ 2024 ഓഗസ്റ്റ് 23ന് ഉച്ചകഴിഞ്ഞു 3.15 മുതലുള്ള സമയം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് സഭയുടെ മുഴുവൻ ആദരവ് സമർപ്പിക്കുന്ന ഒരു ചടങ്ങ് സംഘടിപ്പിച്ചിരുന്നു. ഇന്ത്യ മുഴുവനുമുള്ള സഭയുടെ പ്രവർത്തന സ്വാതന്ത്ര്യം, മേജർ ആർക്കിഎപ്പിസ്കോപ്പൽ പള്ളികൾ, സഭാ കാര്യാലയത്തോട് ചേർന്നുള്ള ഹെറിറ്റേജ് ആന്റ് റിസർച്ച് സെന്റർ, മെൽബൺ, മിസ്സിസാഗ, യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷൻ രൂപതകളുടെ സ്ഥാപനം, ഇപ്പോൾ ഗൾഫ് രാജ്യങ്ങളിലേക്ക് സഭാപ്രവർത്തനത്തിന് വാതിൽ തുറക്കാനുള്ള സാഹചര്യം എന്നിങ്ങനെ ഒട്ടേറെ വേറിട്ട മുന്നേറ്റങ്ങൾക്ക് ആലഞ്ചേരി പിതാവ് നേതൃത്വം നൽകിയിട്ടുണ്ട്. ഒരു വ്യാഴവട്ടക്കാലം മേജർ ആർച്ചുബിഷപ്പെന്ന നിലയിൽ അദ്ദേഹം നൽകിയ നേതൃത്വശുശ്രൂഷകൾക്ക് അസംബ്ലിയിലെ പ്രതിനിധികൾ നൽകിയ ആദരവുമായി ബന്ധപ്പെട്ട് തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കപ്പെട്ടതായി ശ്രദ്ധയിൽപെട്ടു.

പ്രസ്തുത ചടങ്ങിൽനിന്നു എറണാകുളം-അങ്കമാലി അതിരൂപതയിലെ ഏതാനും ചില അല്മായ പ്രതിനിധികൾ ഇറങ്ങിപ്പോയത് ചടങ്ങിന് യാതൊരുതരത്തിലുമുള്ള തടസ്സവുമുണ്ടാക്കിയില്ല. കാരണം, ആദരിക്കൽ ചടങ്ങിൽനിന്നു വിട്ടുനിന്നു പ്രതിഷേധം രേഖപ്പെടുത്തുന്നു എന്നറിയിച്ചു എറണാകുളം-അങ്കമാലി അതിരൂപതയിലെ ഏഴ് അല്മായ പ്രതിനിധികൾ മേജർ ആർച്ചുബിഷപ്പിന് നൽകിയ കത്ത് അവർ തന്നെ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചടങ്ങു ബഹിഷ്കരിച്ചു എന്ന രീതിയിൽ ആസൂത്രിതമായി വാർത്ത നൽകുകയും ചെയ്തപ്പോഴാണ് അസംബ്ലി അംഗങ്ങൾ ഇക്കാര്യമറിയുന്നത്. സഭയുടെ കൂട്ടായ്മയ്ക്കും അസംബ്ലിയുടെ സ്നേഹചൈതന്യത്തിനും യോജിക്കാത്ത ഈ പ്രവർത്തിയെ അസംബ്ലി അപലപിക്കുകയും തിരുത്തുകയും ചെയ്തിരുന്നു. വളരെ ഹൃദ്യമായി നടന്ന ഈ ആഘോഷത്തെ മാധ്യമങ്ങളിലൂടെ ചിലരെങ്കിലും അപകീർത്തിപ്പെടുത്താൻ ശ്രമിച്ചത് ഏറെ ദുഖകരമാണ്.

Vadakkekara

**ഫാ.ഡോ. ആന്റണി വടക്കേകര വി.സി.**
പി.ആർ.ഒ., സീറോമലബാർസഭ &
സെക്രട്ടറി, മീഡിയാ കമ്മീഷൻ

SYRO-MALABAR MEDIA COMMISSION · MOUNT ST. THOMAS, KAKKANAD, KOCHI

ഓഗസ്റ്റ് 26, 2024